8-02-2024 രാത്രി 10 മണിയോട് കൂടി ജി. വി. എച്. എസ്. എസ് എടയന്നൂർ സ്‌കൂളിലെ 8,9 ക്ലാസ്സുകളുടെ പഠനയാത്ര ആരംഭിച്ചു. ഗൂഡല്ലൂർ വഴി ഊട്ടിയിലേക്കായിരുന്നു യാത്ര. ടീച്ചേഴ്‌സും കുട്ടികളും കൂടി ഡി ജെ പാട്ടുകൾളും ഡാൻസുകളുമായി പഠനയാത്ര ആസ്വദിച്ചു. ഏകദേശം ഗൂഡല്ലൂർ എത്താനായപോൾ മുതൽ മഞ്ഞുകാരണം ബസ്സിൻറെ ഗ്ലാസുകൾ മുഴുവൻ മങ്ങിയിരുന്നു . പുലർച്ചെ 6 മണിയോടുകൂടെ മഹാരാജാസ് ഹോട്ടലിൽ എത്തിച്ചേർന്നു. അന്ന് തണുപ്പുകാരണം ബസ്സിൽ നിന്ന് പുറത്തിറങ്ങാൻ പ്രയാസമായിരുന്നെങ്കിലും നല്ല രസകരമായിരുന്നു. റൂമിലെത്തി എല്ലാവരും ഫ്രഷായി. ചൂട് വെള്ളം ഉണ്ടെങ്കിലും തണുപ്പ് കാരണം കുളിക്കാൻ പലരും മടിച്ചിരുന്നു. കുളിക്കാതെയും കുറെ പേർ. ടൂറിനുവേണ്ടി റെഡിയായി. ഇഡലി, ദോശ, വെള്ളാപ്പം എന്നിങ്ങനെ പല വിഭവങ്ങളും ഉണ്ടായിരുന്നു. പക്ഷെ അവിടുത്തെ ചായക്കായിരുന്നു ഫാൻസ് കൂടുതൽ. അവിടുന്ന് മനോഹരമായ ഫോട്ടോസും വിഡിയോസും എടുത്തു കൊണ്ട് ഹോട്ടലിൽ നിന്ന് വിട പറഞ്ഞു. ആദ്യത്തെ ലക്ഷ്യം "ടീ ഫാക്ടറി "ലായിരുന്നു . ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേർന്നതിന് ശേഷം അവിടെയുള്ള കാഴ്ചകൾ കണ്ട് നോക്കിനിന്നു. ഉയരം കൂടുന്തോറും ചായയുടെ സ്വാദും കൂടുമെന്ന് ആരോ പറഞ്ഞത്പോലെ ചായ വളരെ സ്വാധുള്ളതായിരുന്നു . ചായയുടെ സ്വാധിൽ അടിക്റ്റായ നമ്മൾ അവിടുത്തെ ചായപൊടി വാങ്ങി. തൊട്ടടുത്തുള്ള ചോക്ലേറ്റ് ഫെക്റ്ററിയിലേക്ക് നടന്നു. ചോക്ലേറ്റ് തന്നു കൊണ്ട് അവർ നമ്മളെ സ്വീകരിച്ചു. രുചികരമായ ചോക്ലേറ്റ് നിർമ്മിക്കുന്നത് നേരിൽ കാണാൻ സാധിച്ചു. നമുക്ക് ഇഷ്ടപെട്ട മൂന്ന് നാല് ചോക്ലേറ്റ് നമ്മൾ വാങ്ങിച്ചു. അന്ന് ബസിൽ നിന്ന് ഒരുമിച്ച് കഴിച്ച് ആസ്വദിച്ചു. അനുസ്വദിക്കുന്നതിനിടെ ആ ചോക്ലേറ്റ് തീരുന്നത് മനസില്ലായില്ല. ഊട്ടിയിലെ കാഴ്ചകൾ അതിമനോഹരമായിരുന്നു. പിന്നീട് നമ്മൾ പോയത് ബോട്ടാണിക്കൽ ഗാർഡനിലായിരുന്നു. അവിടെ നിന്ന് ഓർമ്മക്കായി കുറെ ഫോട്ടോസും

വിഡിയോസും എടുത്തു. ഒരു വലിയെ മരത്തിൻ്റെ ചുവട്ടിൽ ഇരിക്കുകയും ചെയ്തു. ആ സമയത്തായിരിന്നു മരത്തിന്റെ മൂല്യത്തെ കുറിച്ച് മനസിലാക്കിയത്. "മരം ഒരു വരം" എന്നത് എത്ര സത്യം. അവിടെ നിന്ന് ഒരു മണിക്കൂറിന് ശേഷം പുറത്ത് ഇറങ്ങി ജുമയുടെ സമയമായതുകൊണ്ട് ഞങ്ങൾ നേരെ ഹോട്ടലിലേക്ക് മടങ്ങി. അവിടെ നിന്ന് നല്ല രുചിയുള്ള ബിരിയാണി കഴിക്കുകയും ചെയ്തു. തണുത്ത അന്തരീക്ഷത്തിൽ ചൂടുള്ള ബിരിയാണി... ആഹാ എന്ത് രസം. പിന്നീട് നമ്മൾ പോയത് ഹോര്ട്ടിക്കൾച്ചർ ഉള്ള സ്ഥലത്തായിരുന്നു. അവിടെയുള്ള കാഴ്ചകളെ പറ്റി പറയാൻ വാക്കുകളില്ല. മനോഹരം എന്ന് പറഞ്ഞാൽ അതി മനോഹരം. അവിടെയുള്ള മീൻ കൃഷി, താറാവ് എന്നിവകൾ ഭംഗിയുള്ള കാഴ്ചകളായിരുന്നു. അവിടെ വെച്ച് വളരെ രസകരമായ ഒരു സംഭവം ഉണ്ടായി. ഒരു പാലത്തിൻ്റെ മുകളിലൂടെ പോകുമ്പോൾ നമ്മുടെ കൂട്ടത്തിലെ ഒരുത്തൻ (പേര് പറഞ്ഞു കൊച്ചാക്കുന്നില്ല ) അവൻ ആ പാലത്തെ കുലുക്കി. ആദ്യം ഭയപ്പെട്ടെങ്കിലും പിന്നീട് അതൊരു അനുഭവമായി മാറി. അവിടെ ഉള്ള എല്ലാ വസ്തുക്കളും കണ്ടതിന് ശേഷം അവിടെ നിന്ന് ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു മടങ്ങി. പിന്നീട് നമ്മൾ പോയത് ഷൂട്ടിംഗ് പോയിന്റിലേക്കായിരുന്നു. അവിടെ പോകുമ്പോൾ തണുപ്പില്ല എന്ന് ആരോ പറഞ്ഞത് കേട്ടു സ്വെട്ടർ ഇടാതെ പോയ റിയ ഫാത്തിമക്ക് തണുപ്പ് സഹിക്കാനാവാതെ അവൾ വിറയ്ക്കാൻ തുടങ്ങി. ഉയരം കൂടുന്തോറും തണുപ്പ് കൂടും എന്നതാണല്ലോ ശാസ്ത്രം..... അത് മനസിലാക്കാതെ സ്വെട്ടർ ഇടാതെ പോയ നമ്മൾ ആരായി ? ഇതാണ് പറയുന്നത് അറിയില്ലെങ്കിൽ അറിയുന്നവരോടെ ചോദിച്ച്, മനസില്ലാക്കുക. അങ്ങനെ നമ്മൾ ടോപ്പിൽ എത്തുകയും സൂര്യൻ അസ്തമിക്കുന്നത് ചെറിയ രീതിയിൽ കണുകയും അവിടെ നിന്നും ഒരു ഗ്രൂപ്പ് ഫോട്ടൊ എടുത്ത് മടങ്ങുകയും ചെയ്തു. മടങ്ങുന്ന വഴിക്ക് ചോളം വാങ്ങുകയും ചെയ്തു. ഇത് കുറിക്കുന്നതിനിടയിൽ ഒരു രസകരമായ സംഭവം എന്റെ മനസ്സിൽ ഓടിയെത്തുന്നു. ചോളം വേണ്ടെന്ന് വാദിച്ച എന്റെ സഹപാഠി അസ്‌ലഹ് മറ്റുള്ളവർ വാങ്ങുന്നത് കണ്ട് ആശിച്ചുകൊണ്ട് ഒരു ചോളം വാങ്ങി. വരാൻ പോകുന്നത് എന്താണെന്നറിഞ്ഞാൽ അവനത് വാങ്ങുമായിരുന്നില്ല.. പണം കൈമാറുന്നതിനിടെ അവന്റെ ചോളം എവിടെനിന്നാണെന്നറിയാതെ ഒരു കുരങ്ങൻ അടിച്ചുമാറ്റി പോയി.. പിന്നെ അവിടെ ഒരു ഹാസമേളം തന്നെയായിരുന്നു. പിന്നെ പോയത് അടുത്ത ഡെസ്റ്റിനേഷനായ പൈൻ ഫോറെസ്റ്റിലേക്കായിരുന്നു. ആദ്യം ഇതെന്തെന്ന് കരുതിയെങ്കിലും കുന്നിറങ്ങി താഴേക്ക് പോകുന്തോരും ആ സ്ഥലത്തിന്റെ ഭംഗി കൂടി വന്നു. അതിഭംഗിയുള്ള ഒരു നദി, അതിന്റെ തീരത്ത് ഇരിക്കാൻ എന്തൊരു അശ്വസമായിരുന്നു. സമയത്തിൻ്റെ പ്രശനം ഉള്ളതിനാൽ അധികം അവിടെ നിൽക്കാൻ സാദിച്ചില്ല. അപ്പോഴാണ് മനസിലായത് ഇറങ്ങാൻ വളരെ എളുപ്പമാണ്. കയറാൻ വളരെ ബുദ്ധിമുട്ടുമാണ്. അങ്ങനെ വൈകുന്നേരം 6.30 യോട് കൂടെ അവിടെ നിന്ന് തിരിച്ചു.

## Boy With A Happy Face

The boy is happy because he has a face so out he goes to look for his friends he meets the stars and says thank you stars for giving for me. Eyes to see what bright when things looks dark. He saw the sun rising and the boy says now I have my mouth filled with words so war with when the world feels cold and the boy says to the sky. My dcepect gratict add to you dear sky gave my care to hear the words of truth both said and unsaid and the boy says to the wind. I am very thank full you give my nose to take in air that is pure and life giving and the boy says to the rain my gift to you is for you to see( my happy face)

Vinaya P
9C

## Two Things

To thigs to respect
Oldage and religion
Two Things to admire
Beauty and music
Two Things to cultivate
Sympathy and cheerfulness
Two Thing to stick to
Promise and friendship
Two Things to govern
Tongue and temper
Two Things to avoid
Drinking and smoking
God and proyer

Aman PV
9A

# വൈകി വന്ന വസന്തം

ഒരിക്കൽ ഒരിടത്ത് ഒരു കുട്ടി ഉണ്ടായിരുന്നു. അവളുടെ പേര് അമ്മു എന്നായിരുന്നു.അവൾക്ക് പ്രകൃതിയോട് അതായത് മരങ്ങൾ, ചെടികൾ, പൂക്കൾ,പൂമ്പാറ്റകൾ എന്നിവയൊക്കെ വളരെയധികം ഇഷ്ടമായിരുന്നു.അങ്ങനെ ഒരു ദിവസം അവളുടെ അച്ഛൻ അവൾക്ക് ഒരു റോസാച്ചെടി കൊണ്ട് കൊടുത്തു.അവൾ അത് സന്തോഷത്തോടെ മണ്ണിൽ നട്ടു അതിനു വെള്ളം ഒഴിച്ചു കൊടുത്തു. അങ്ങനെ ദിവസങ്ങൾ പോകേ പോകേ  ആ ചെടി വളർന്നു വലുതായി.ഒരു കുഞ്ഞു മുത്ത് ഉള്ളതായി അമ്മു കണ്ടു. അമ്മു സന്തോഷത്തോടെ അമ്മയോട് പറഞ്ഞു ആ മുട്ട് കുറച്ചുകൂടി വളർന്നു. അപ്പോൾ അവളോട് അച്ഛൻ പറഞ്ഞു  നാളത്തേക്ക് അത് ഒരു പൂവ് ആകും.അവൾ സന്തോഷത്തോടെ അച്ഛനെ കെട്ടിപ്പിടിച്ചു. അങ്ങനെ പിറ്റേ ദിവസമായി അമ്മു ആ ഭംഗിയുള്ള പൂവ് കാണാൻ വേണ്ടി മുറ്റത്തേക്ക് ഇറങ്ങി. പക്ഷേ നിർഭാഗ്യവശാൽ ആ പൂവ് വിരിഞ്ഞില്ല. അമ്മുവിനെ സങ്കടം വന്നു.അവൾ അച്ഛനോട് ചോദിച്ചു അച്ഛൻ ഇന്നലെ പറഞ്ഞില്ലേ ആ പൂവ് നാളെ വിരിയുമെന്ന്. എന്നിട്ടെന്താ അത് വിരിയാതിരുന്നത്? അപ്പോൾ അച്ഛൻ പറഞ്ഞു "അത് ചിലപ്പോൾ നാളെ വിരിയും" നീ വിഷമിക്കേണ്ട. അപ്പോൾ അമ്മ മനസ്സിലായത് കേട്ട നാളേക്ക് വേണ്ടി കാത്തിരുന്നു അങ്ങനെ നാളെയായി അവൾ ചെന്ന് നോക്കിയപ്പോൾ ആ പൂവ് വിരിഞ്ഞിട്ടില്ലായിരുന്നു സങ്കടത്തോടെ വീടിന്റെ ഉള്ളിലേക്ക് കയറിപ്പോയി അല്പസമയത്തിനുശേഷം അമ്മുവിനെ വിളിച്ചു പെട്ടെന്ന് പുറത്തേക്ക് വന്നു നോക്കിയപ്പോൾ ആ പൂവ് വിരിഞ്ഞിരുന്നു അവൾ സന്തോഷത്തോടെ പറഞ്ഞു എന്തു ഭംഗിയുള്ള പൂവാണ് പൂവിന്റെ സുഗന്ധം നാടാകെ പരന്നു. അങ്ങനെ നാട്ടുകാർ ആ പൂവിനെ വിളിച്ചു "വൈകി വന്ന വസന്തം ".

ദേവന പി
6A

# THE SOPHIA

The character of Sophia captures the imagination of global audience's. She is the worlds firest Robert citizen and innovation ambassador the United nations development program. Sophia is now a household name,with appearances on the tonight show and good morning britain ,in addition to speaking at hundreds of conferences around the world. Sophia is Hanson robotics ' latest human-like Robert, created by combining our innovations in science, engineering and artistry. Think of me as a personification of our dream for the future of AI ,as well as a framework for advanced AI and robotics research, and an agent for exploring human-robot experience in service and entertainment applications.

Abhirami PP
9C

# THE GEALOUS BIRD

Once upon a time there was a beautiful and pretty peacock. She is very proud of her beauty. One day a horrible came into the forest. She was looking for amazing. One day the peacock think about Hornbills beauty She got jealous. She thought and thought to kill the hornbills finally she got an idea. She collect same fruits and she injected poison in the fruits and she went to the hornbill.but the hornbill see this cruel activity the peacock gave the fruits to hornbill. Hornbill didn't cut the fruit she exchanged the fruits throw it away. She did not know that the fruit is same as she give the hornbill. The peacock ate the fruit. Suddenly she was die. The forest become very happy because now, hornbill is the queen of the forest

Moral: don't be jealous

Hiba Fathima T C
6th std

navam . in

# The ghost Forest

In One place there was a Forest called ghost Forest. The reason for such a name is because of the belief that there are ghosts in that Forest,to find out if this is true and if there is a ghost , jack and julie decided to go on a journey to that forest and they started their trip al though they didnot know much about the forest,jack and julie were excited to learn the truth about it. So they reached that forest.the forest itself was scary to look at.As they walked towards the forest,they started hearing the sounds of animals and birds.still they were not afraid and when they walked a little further they heard a sound like someone calling and looked back but there was no one there. Again many voices were heard.After walking for a while,he reached inside the forest and saw a tree house on a big tree how did the tree house come to this forest? Both of them doubted whether it was humans.so while they were thinking about that,they heard someone walking .As they both hide behind the tree,some thieves stole something And sneaked into the tree house jack And Julie saw this And informed the police came there they told me what happened And the thieves were living in that Forest saying that there is a ghost there.But that Forest is Not called a ghost Forest

Anaswara.C
9th.C

navam . in

# ശത്രുക്കളെവിശ്വസിക്കരുത്

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ കുറേ നായകൾ ഉണ്ടായിരുന്നു. ഒരു ദിവസം അവർ പോകുമ്പോൾ അവിടെ ഒരു പൂച്ചയെ കണ്ടു. അപ്പോൾ അവർ പിന്നാലെ ഓടി. എത്ര ശ്രമിച്ചിട്ടും പൂച്ച യെ പിടിക്കാൻ കിട്ടിയില്ല. അപ്പോൾ അവർ ക്കൊരു ബുദ്ധി തോന്നി. അങ്ങനെ ഒരു ദിവസം വീണ്ടും അവർ പൂച്ചയെ കണ്ടു. അപ്പോൾ പൂച്ച പേടിച്ച് ഓടാൻ ശ്രമിച്ചു. അവർ പറഞ്ഞു നീ പേടിക്കേണ്ട നിന്നെ ഞങ്ങൾ തിന്നില്ല നീ പോയ് കോളൂ. അങ്ങനെ പൂച്ച പോകുമ്പോൾ നായകൾ പൂച്ചയുടെ മേലേ ചാടി വീണു. അതിൻ്റെ കഥ കഴിച്ചു.

ഗുണപാഠം: നിങ്ങളുടെ ശത്രുക്കൾ എന്തെങ്കിലും പറയുന്നത് കേട്ട് വിശ്വസിക്കരുത്

ശിവന്യ സജിത്ത്

2 STD

# ആത്മാവിന്റെ രോദനം

നേരം പുലർന്നപ്പോൾ അവൾ വെപ്രാളത്തോടെ ഞെട്ടിയുണർന്നു. ചുറ്റും നോക്കി. തന്റെ കൂടെപ്പിറപ്പുകളായ മറ്റും പ്രിയപ്പെട്ടവർ തന്റെ കൂടെയുണ്ടോ എന്ന്. പകൽ മുഴുവൻ ഭീരുക്കളായി മനുഷ്യന്റെ കീഴിൽ കഴിയേണ്ടി വന്നവർ. രാത്രി കിടന്നുറങ്ങാൻ കഴിയാതെ ഏതു നിമിഷവും മരണം സംഭവിക്കാം എന്ന കരുതലോടെ കഴിയുന്ന പാവം ലഗോൻ കോഴിയമ്മകൾ. അമ്മയില്ലാത്ത കുഞ്ഞുങ്ങളായി മുട്ടകൾക്കും മാംസത്തിനും വേണ്ടി മാത്രമായി മനുഷ്യന്റെ അന്നമാവാൻ വിധിച്ചവർ.

കടയുടെ ഷട്ടർ തുറക്കുന്നത് കണ്ട് മണിക്കോഴി വിറച്ചു നിന്നു. നാട്ടിലറിയപ്പെട്ട കോഴിവിൽപ്പനക്കാരൻ ' അബ്ദു ' കട തുറന്നിരിക്കുന്നു. ഇനി നിമിഷങ്ങൾക്കകം നാട്ടുകാർ വരും. തന്നെയും തന്നെപ്പോലെയുള്ളവരുടെയും ജീവനെ വിലയ്ക്ക് വാങ്ങി അവർ മടങ്ങും. അവരുടെ മക്കൾക്ക് ഒരു സദ്യയൊരുക്കാൻ അവർ തങ്ങളുടെ ജീവൻ തന്നെ സ്വന്തമാക്കും. രോഗങ്ങൾ പടർന്നു പിടിച്ചു പുഴുക്കളും അഴുക്കുകളുമായി കിടന്ന് മരണങ്ങൾ നേരിൽ കണ്ടുകൊണ്ടിരിക്കുന്നു

പെട്ടെന്നാണ് ഒരു മദ്ധ്യവയസ്കൻ കടയിലേക്ക് വന്നത്."അബ്ദു... ഏറെയായല്ലോ കണ്ടിട്ട്. കച്ചവടമൊക്കെ എങ്ങനെ പോകുന്നു? " " തരക്കേടില്ല. എങ്കിലും ഇപ്പോൾ വിൽപ്പനയൊക്കെ കുറവാണ്. കരുതിയതാ വിലയൊന്നും കിട്ടുന്നില്ല. ഇപ്പൊ കോഴിക്കച്ചവടന്മാർക്കൊക്കെ സാമ്പത്തിക മാന്ദ്യാ." അബ്ദു പറഞ്ഞു. "എങ്കിലൊരു കോഴിയെടുത്താട്ടെ."

അബ്ദു ഒരു കോഴിയെ പിടിച്ചു."അതല്ല കുറച്ചു വലുത് തന്നെ ആയിക്കോട്ടെ " അയാൾ പറഞ്ഞു. അബ്ദുവിന്റെ നോട്ടം തന്നിലേക്ക് പതിഞ്ഞതും മണിക്കോഴി പെട്ടെന്ന് കുതറി മാറി. കൂട്ടത്തിൽ വലുപ്പം കൂടുതൽ അവളാണ്. അബ്ദു വലുത് എടുക്കാൻ പറഞ്ഞാൽ അവളിലേക്കാണ് നോക്കാറ്. അതിലൂടെ എനിക്കത് മനസ്സിലായിരുന്നു. എന്തോ ഭാഗ്യമെന്നോണം തന്നെ പിടിച്ചില്ല എന്നാശ്വസിക്കുമ്പോഴാണത് അറിയുന്നത്. പിടിച്ചത് തന്റെ പ്രിയപ്പെട്ട കിങ്ങിണിയെയാണെന്ന്.മരിക്കാൻ വേണ്ടി മാത്രം ജീവിക്കപ്പെട്ടവരായി നിൽക്കുന്ന ഞങ്ങൾ എന്നും സുഹൃത്തുക്കളുടെ വേദന പുരണ്ട പിടച്ചിലും തൊണ്ട പൊട്ടിയുള്ള കരച്ചിലും നേരിൽ കാണുകയാണ്. എങ്കിലും ഒന്നും ചെയ്യാൻ കഴിയില്ല. കാരണം മനുഷ്യരാണ് ദുർബലരാണെങ്കിലും ആയുധങ്ങൾ കൊണ്ട് അവർ നമ്മെ കീഴടക്കും. ഞങ്ങൾ ഒരുപാട് പേരുണ്ടായിരുന്നു. ഇപ്പോൾ കുറഞ്ഞു വരികയാണ്. ഇടയ്ക്ക് വേറെ പുതിയ കോഴികളും മരണശയ്യയിലേക്ക് കടക്കാറുണ്ട്. ഓരോ കൂട്ടുകാരുടെയും വേർപാട് അസ്സഹനീയമായപ്പോൾ മണിക്കോഴി അബദു വിന്റെ കരങ്ങളെ പ്രതീക്ഷിച്ചിരുന്നു. കണ്ണടച്ച് പിടിച്ചു അവളും മരണത്തിലേക്കടുക്കാൻ, അല്ല തന്റെ കൂട്ടുകാരുടെ വഴിയേ പിന്തുടരാൻ.... അപ്പോഴേക്കും മണിക്കോഴിയുടെ ആത്മാവും പിരിഞ്ഞിരുന്നു.

# Artificial intalligence

Artificial intelligence is a character raised by machines that possess specific aspects of human intelligence, and encompass capabilities such as a perception learning, reasoning, problem solving, language in teracation, and evan creative out put.

The founder of artificial intelligence is John MC carthy.

Generative ai can be used students, teachers , challenges of implement.

Over the past decade,AI has been integrated into the education space.It is used to stremling students performance data , in used school.AI also allow to translate from one language in to another language, and provide individual deities learning tools to students

AI also used to deep learning to analyse existing sets of data of ideas

5 WAY AI CHANGE OUR WORLD

*Creative new job's
*Bridging new job's
*Transformation government
*Delivering helth care
*Creative art

mubashira
9c

# God

God is a rain
For the thirst one
God is a sun
For the dark thing
God is a wind
For the hot
God is a flower I'll
For the bad smell
God is a joy
For the waters eyes
God is miracle
For the whole q world

mubashira T
9c

# ബുദ്ധിമാനായ തത്ത

പണ്ട്  പണ്ട് ഒരു കാട്ടിൽ ഒരു മുയൽ ഉണ്ടായിരുന്നു.മുയൽ ചാടി ചാടി പുറത്തേക്ക് പോയി.മുയൽ ഒരു എലിയെ കണ്ടു.എലി പേടിച്ചു വിറച്ചിരുന്നു.ഒരു സിംഹം പിറകെ വരുന്നുണ്ട്.ഇത് കേട്ട് മുയലും പേടിച്ചു വിറച്ചു.സിംഹം പിറകെ ഓടിവന്നു.എങ്ങനെ എങ്ങനെയെങ്കിലും രക്ഷപ്പെടണം,അപ്പോഴാണ് അതിലെ വന്ന തത്ത സഹായിക്കാം എന്ന് ഏറ്റത്.മനുഷ്യർ വച്ച കൂടിനടുത്തേക്ക് എല്ലാ മൃഗങ്ങളെയുംക്കൂട്ടി തത്ത പോയി.ഒരു കൂടിനടുത്ത് താങ്കൾക്ക് വേണ്ട മൃഗങ്ങളെ എത്തിച്ചിട്ടുണ്ട്.മുയൽ പറഞ്ഞു.സിംഹം അവരുടെ കൂടെ പോയി.സിംഹത്തിനോട് പറഞ്ഞു കൂടിനകത്തേക്ക് കയറാം താങ്കൾക്ക് മൃഗങ്ങളെല്ലാം പിടിക്കാം അത് കേട്ട സിംഹം കൂടിനകത്തേക്ക് കയറി.നാലു ഭാഗത്തുനിന്നും വാതിലടഞ്ഞു. സിംഹം പെട്ടു.ബാക്കിയെല്ലാവരും രക്ഷപ്പെട്ടു.

വരദ പവിത്രൻ

3 Std

## ഓർമകളിൽ നിന്നും മായാത്ത ആ വയനാട് യാത്ര

മറക്കാൻ കഴിയാത്ത ഒരുപാട് ഓർമകളുള്ള ഒരു യാത്ര ആയിരുന്നു എന്റെ വയനാട് യാത്ര. പ്രകൃതി രമണിയമായ ഒരുപാട് പുതുമയേകുന്ന കാഴ്ചകൾ അടങ്ങിയ പാതയിലൂടെയാണ് ഞങ്ങൾ ആ സഞ്ചാരം പൂർത്തിയാക്കിയത്. വെറും ഒരു ഉല്ലാസയാത്ര മാത്രം ആയിരുന്നില്ല ഇത്. ഒരു യാത്ര എന്നതിലുപരി സൗഹൃദത്തിന്റെ മാധുര്യം നുണയാൻ കിട്ടിയ ഒരു അവസരം കൂടിയാണ് അത്. വയനാട്ടിൽ ഒട്ടനവധി സന്ദർശിക്കേണ്ട സ്ഥലങ്ങൾ ഉണ്ട്.എടക്കൽ ഗുഹ, മീൻമുട്ടിവെള്ളച്ചാട്ടം, കുറുവാദ്വീപ്, വയനാട് വന്യജീവിസംരക്ഷണ കേന്ദ്രം എന്നിവ സന്ദർശന കേന്ദ്രങ്ങളിൽ ഉൾപെടും.ഞങ്ങൾ ആദ്യം പോയത് എടക്കൽ ഗുഹയിൽ ആയിരുന്നു.ആകസ്മികമായ ആ ഗുഹ കണ്ടു ഞങ്ങൾ ആദ്യം ഒന്ന് ഭയന്നെങ്കിലും പിന്നീട് ഗുഹയിലേക്കുള്ള ഞങ്ങളുടെ ഓരോ ചുവടുവെപ്പും ആ ഭയത്തെ ഞങ്ങളിൽ നിന്ന് അകറ്റി. ഗുഹയിൽ എത്തിയ ഞങ്ങൾ ഒരുപാട് ചരിത്രതീതമായ കാര്യങ്ങൾ അറിയുകയും മനസ്സിലാക്കുകയും അത് ഉൾകൊള്ളുകയും ചെയ്തു. അവിടുന്ന് തിരിച്ചു ഞങ്ങൾ പൂക്കോട് തടാകത്തിൽ ആയിരുന്നു പോയത്. തടാകത്തിന് ചുറ്റും ഇടതൂരുന്ന വനങ്ങളും മലകളുമാണ്. ചുറ്റും നടക്കുവാനായി നടപ്പാത തയ്യാറാക്കിയിട്ടുള്ള തടാകത്തിൽ ബോട്ടുകൾ സവാരിക്കായി ഉണ്ടായിരുന്നു.താടാകത്തിൽ നിറയെ നീല നിറത്തിൽ പെട്ട ആമ്പലുകൾ കാണാം. ഈ ആമ്പലുകൾ എന്റെ സന്തോഷത്തിന്റെ പ്രതീകത്തിന്റെ ഭാഗമായി. പിന്നീട് കുറുവദീപു വയനാട് വന്യ ജീവി സംരക്ഷണ കേന്ദ്രവും ഞങ്ങൾ സന്ദർശിച്ചു. സന്ദർശിച്ച സ്ഥലങ്ങളിൽ എല്ലാം വിസ്മയവും ആകസ്മികമായ കാര്യങ്ങളും കണ്ടു.2017 ഡി സംബർ മാസത്തിലായിരുന്നു ഞങ്ങൾ യാത്ര പോയത്. ഒരു ദിവസത്തെ യാത്ര ആണെങ്കിലും ഒരു വർഷത്തെ ഓർമ ആയിരുന്നു. മറക്കാൻ പറ്റാത്ത അനവധി ഓർമയുമായി അന്നേദിവസം ഞങ്ങൾ തിരിച്ചു. ഇങ്ങനെ ഞങ്ങളെ ഏറെ സന്തോഷത്തിലാഴ്ത്തിയ ഈ ഒരു വയനാട് യാത്ര ഇന്നും ഞങ്ങളുടെ ഓർമയിൽ എവിടയോ തങ്ങി നിൽക്കുന്നു.

Fathimath Riyana c. P

## നായയെ രക്ഷിച്ച ഉറുമ്പുകൾ

ഒരു ദിവസം ഒരു നായ നടന്നു നടന്നു കാട്ടിലെത്തി. ഗർർർ.... ഗർർർ" അയ്യോ എന്താണ് ശബ്ദം " ? അയ്യോ കാട്ടിലെ രാജാവ് സിംഹം വരുന്നുണ്ട്.പാവം നായ ഇവനെ എങ്ങനെയും രക്ഷിക്കണം ഉറുമ്പുകൾ വിചാരിച്ചു.അതുകണ്ട് ഉറുമ്പുകൾ പാഞ്ഞ് എത്തി.സിംഹത്തിന്റെ കാലിൽ കടിച്ചു. അങ്ങനെ സിംഹം ഓടി രക്ഷപ്പെട്ടു

ശ്രീയ ദാസ്
3 Std

navam . in

# ബുദ്ധിമാനായ മുയൽ

ഒരുപാട് കാലം മുമ്പ് ഒരു മുയൽ ഉണ്ടായിരുന്നു. ആ മുയൽ വിശന്നു നടക്കുകയായിരുന്നു. അപ്പോഴാണ് ഒരു കുറുക്കൻ മുയലിന്റെ മുന്നിൽ വന്നത് "എങ്ങനെ ഞാനിനി രക്ഷപ്പെടും"? അപ്പോൾ മുയലിന് ഒരു ബുദ്ധി തോന്നി.വഴിയിൽ കിടക്കുന്ന കുണ്ടുകൾ കണ്ട് മുയൽ അതുവഴി ചാടി ചാടിപ്പോയി കുറുക്കളും മുയലിന്റെ പിന്നാലെ ഓടി അതിൽ ഒരു വലിയ കുണ്ടിൽ വീണു അതിൽ നിന്ന് കുറുക്കൻ പുറത്തേക്കു കടക്കാൻ കഴിഞ്ഞില്ല അതുകണ്ട് മുയൽ പൊട്ടിപ്പൊട്ടി ചിരിച്ചു.

ശിവാനി സജിത്ത്
3Std

navam . in

# ആർ സി സിയിലെ അത്ഭുതക്കുട്ടികൾ

കെ രാജേന്ദ്രൻ്റെ ആർ സി സി യിലെ അത്ഭുതക്കുട്ടികൾ കൊച്ചു നോവൽ ഞാൻ വായിക്കാനിടയായി. റംല, അഫ്സൽ എന്നീ കൊച്ചു കുട്ടികളും അവരുടെ മാതാവും പ്രധാന കഥാപാത്രമായ ഈ നോവലിൽ അർബുദ രോഗികളുടെ ചികിത്സയും, അർബുദം ബാധിച്ചവർ മരണത്തിലേക്കു അടുത്തു, അർബുദം പകരുന്ന ഒരു രോഗമാണ് എന്നൊക്കെയുള്ള നമ്മുടെ സമൂഹത്തിന്റെ തെറ്റിദ്ധാരണങ്ങളെ മാറ്റുവാനും കൂടാതെ പലതരം പുതിയ അറിവുകൾ നേടാനുള്ള ഒരു പുസ്തകമാണ് റംല എന്ന അത്ഭുതക്കുട്ടിയിലൂടെ ഒരുപാട് ജനറൽ ചോദ്യോത്തരങ്ങളും രക്തഗ്രൂപ്പുകളും അതിൻ്റെ ഒരുപാട് പ്രത്യേകതകളും മനസ്സിലാക്കുവാൻ ഈ പുസ്തകം വഴി കാട്ടുന്നു. വായനക്കാരുടെ മനസ്സുകളിൽ സ്നേഹത്തിന്റെയും കരുണയുടെയും വിത്തിനെ മുളപ്പിക്കുവാനുള്ള ഈ കൊച്ചു പുസ്തകം വായിക്കുവാൻ കഴിഞ്ഞതിൽ ഒരുപാട് സന്തോഷം തോന്നുന്നു. രക്തദാന സേന' എന്ന മഹത്തായ ദാനകർമ്മവും ജാതി - മത - ഭേദമില്ലാതെ സാഹോദര്യം നമ്മുടെ സമൂഹത്തിൻ്റെ നന്മയെ കെട്ടുറപ്പിക്കും എന്ന സന്ദേശമാണ് ഈ പുസ്തകം ഓരോ വായനക്കാരിലും എത്തിക്കുന്നത്

ഫഹീമ.എം
IXB

navam . in

# ബാല്യ കാല സഖി

വൈക്കം മുഹമ്മദ് ബഷീറിൻ്റെ " ബാല്യകാലസഖി' എന്ന പുസ്തകം സുഹറ, മജീദ് എന്നീ രണ്ട് പ്രധാന കഥാപാത്രങ്ങളാൽ മനോഹരമാക്കുന്നു. ബാല്യ കാലം മുതൽക്കുള്ള അവരുടെ സൗഹൃദവും ഒരു നല്ല സ്നേഹത്തിന്റെയും കഥയാണിത്. ലളിത ഭഷയിൽ വായനക്കാർക്ക് വേണ്ടി തയ്യാറാക്കിയ ഈ പുസ്തകത്തിൽ ഒരു മാമ്പഴമാണ് ഇവരുടെ ഇഷ്ടത്തിന് തുടക്കം കുറിക്കുന്നത്. കുഞ്ഞു മനസ്സുകൾ നെയ്ത കൂട്ടുന്ന വലിയ, രസകരമായ കൊച്ചു മോഹങ്ങൾ മജീദ് എന്ന കഥാപാത്രത്തിലൂടെ കാണാം.. ബാല്യകാലം ഒന്നും ഒന്നും കൂടിയാൽ ഇമ്മിണി വല്യ ഒന്ന് എന്ന മജീദിൻ്റെ മറുപടിയും അതിനുള്ളിലെ രസകരവും എന്നാൽ വായനക്കാരുടെ മനസ്സുകളിൽ ചിന്തയുടെ വിത്തിടുകയും ചെയ്ത മജീദിൻ്റെ കാരണവും ഒക്കെ ഈ പുസ്സ്തകത്തെ ആകർഷിക്കപ്പെടുന്നു. ദാരിദ്രവും സ്വന്തം പിതാവിന്റെ മരണത്തോടെ കുടുംബം അനാ ഥമാവുകയും ചെയ്ത സുഹറയ്ക്ക് പഠന സൗകര്യം മെരുക്കാൻ പറഞ്ഞ മജിദിന്റെ നന്മ നിറഞ്ഞ മനസും പാടത്തു വരാൻ പറഞ്ഞ് മറവി, കാരണം പാടത്തു പോകാൻ കഴിയാതപ്പോൾ പിതാവിൽ നിന്നും മജീദ് നേരിട്ട ദുഖ നിമിഷങ്ങളും വായനക്കരൻ്റെ മനസ്സുകളെ ഈ റനണിയിക്കുന്നാണ് ഒടുവിൽ പെങ്ങളുടെയും വൃദ്ധരായ മാതാപിതാകളുടെയും ഉത്തരവാദിത്തം നിറവേറ്റാൻ പോയ മജീദി ന് കേൾക്കാൻ കഴിഞ്ഞ സുഹറയുടെ മരണ വാർത്തയും വായനക്കാരുടെ കണ്ണ് നനയാതെ വായ്ച്ച് തീർക്കാൻ കഴിയില്ല. മനസ്സിനുള്ളിലെ ദൃഷ്യരൂപം തെളിഞ്ഞു വായിക്കുന്ന ഓരേ വായനക്കാരുടെയും കണ്ണിന് ഇറനണിയിക്കാൻ ഈ പുസ്തകത്തിന് കഴിയും

faheema m
10 B



നവരാഗ് പി.പി
ക്ലാസ്സ് - 2
ജിവിഎച്ച്എസ്എസ് എടയന്നൂർ

# ആനയും മുയലും

ഒരു ദിവസം ഒരു ആനയും മുയലും കളിക്കുകയായിരുന്നു. അപ്പോൾ ഒരു പുലി ഓടി വന്നു. ആനയും മുയലും വേറെ വേറെ ഇടങ്ങളിലേക്ക് ഓടി .മുയലിനെ പുലി പിടിച്ചു. ആന തന്റെ തുമ്പിക്കൈയിൽ വെള്ളമെടുത്ത് പുലിയുടെ നേർക്ക് ശക്തിയായി തെറിപ്പിച്ചു. അപ്പോൾ പുലി പേടിച്ച് ഓടി . ഈ കഥയുടെ ഗുണപാഠമാണ് തന്റെ ജീവൻ പോയാലും നല്ല കൂട്ടുകാരൻ ആപത്തിൽ നിന്നും രക്ഷിക്കും.



ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എടയന്നൂർ



ആദിനന്ദ് പട്ടത്താരി
Std - 2
ജി വി എച്ച് എസ് എസ് എടയന്നൂർ

# പൂച്ച

ഭംഗിയുള്ള പൂച്ച
പാൽ കുടിക്കും പൂച്ച
തിളങ്ങും കണ്ണുള്ള പൂച്ച
വെള്ള നിറമുള്ള പൂച്ച
പൂച്ചയ്ക്ക് കാലുകൾ നാലുണ്ട്
മ്യാവൂ.... മ്യാവൂ കരയും പൂച്ച
വീട്ടിൽ വളർത്തും പൂച്ച
എന്റെ സ്വന്തം പൂച്ച






ആദിനന്ദ് പട്ടത്താരി
Std - 2
GVHSS എടയന്നൂർ

# പൂമ്പാറ്റയും മുയലും

ഒരു കാട്ടിൽ ഒരു മുയലും പൂമ്പാറ്റയും ഉണ്ടായിരുന്നു. അവർ നല്ല ചങ്ങാതിമാരായിരുന്നു. ഒരു ദിവസം അവർ രണ്ടു പേരും ഒരു കുറ്റിക്കാട്ടിൽ നിന്ന് കളിക്കുകയായിരുന്നു.പെട്ടെന്ന് ഒരു ശബ്ദം കേട്ടു .തിരിഞ്ഞു നോക്കിയപ്പോൾ ഒരു സിംഹ രാജാവ്. അവർ പേടിച്ചു പോയി. " മുയലേ, ഓടിക്കോ " .... പൂമ്പാറ്റ പറഞ്ഞു. സിംഹം മുയലിനെ പിടിച്ചു. " പൂമ്പാറ്റ, എന്നെ രക്ഷിക്കൂ"- മുയൽ കരഞ്ഞുപറഞ്ഞു. പൂമ്പാറ്റ തന്റെ കൂട്ടുകാരായ തേനീച്ചക്കൂട്ടത്തെ കൂട്ടി വന്നു. സിംഹത്തിന്റെ മുഖത്ത് തേനീച്ചകൾ പൊതിഞ്ഞു -സിംഹ രാജാവ് വേദന കൊണ്ട് പുളഞ്ഞു. അങ്ങനെ മുയൽ രക്ഷപ്പെട്ടു." കൂട്ടുകാരേ, നന്ദി", മുയൽ പറഞ്ഞു.



ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എടയന്നൂർ



# നായക്കുട്ടൻ

ആദിദേവ് ജിനീഷ്
Std - 2
GVHSS എടയന്നൂർ

ബൗ ബൗ..... ബൗ ബൗ കുരച്ചീടും
ആളെ കണ്ടാൽ ഓടിക്കും.
ചങ്ങല വിട്ടാൽ കുതിച്ചു പായും
പിന്നെ പിടിച്ചാൽ കിട്ടില്ല
വീടുകാക്കും നായക്കുട്ടൻ
കാണാൻ നല്ലൊരു നായക്കുട്ടൻ.



ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എടയന്നൂർ

navam . in

# MOTHER LOVE

Once upon a time, there was a little boy who loved pets. His name is Tarun. One day he asked to his parents to buy a puppy. His parents decided to buy a puppy. Then they went to their friend's house who the breeder of puppies. And they bought a cute puppy. But that puppy was very sad. Because he really miss his mummy. The parent's did not notice this. But the boy was very sad to see the puppies sadness. Tarun and his parents took the puppy to his mother. But his mother was not there. So they askedto their friend, "where is the mother of that puppy?" then their friend said that "mummy dog died in a car accident."Hearing that the little boy was shocked and asked how she died? Their friend said that "one day the dog had came down to the road in the rain to search his child. Then due to the rain, a driver in the car could not see the dog. That's how the dog died".Hearing this, the little boy and his parent's could not bear the grief and went back home.

After that they started to brought up the puppy like their own son.

Adija fa

നവം . in

navam . in




ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എടയന്നൂർ



## മഴവില്ല്

പോകല്ലേ പോകല്ലേ മഴവില്ലേ നീ
എഴുനിറങ്ങളാൽ മനോ-
ഹരമാണ് നീ എന്തു ഭംഗി -
യാണ് നിന്നെ കാണാൻ.

ഒരു മഴക്കു മുൻപേ
ഓടിയെത്തും അല്ലോ നീ
പോകല്ലേ പോകല്ലേ
ആകാശത്തുനിന്നും ആയില്ലേ
നിൻ മുഖം.

ദിയ സുമേഷ് ടി കെ
6A

# ഒരു പെണ്ണിൻ്റെ കഥ

l ത്സാർഖണ്ഡ് എന്ന ഗ്രാമത്തിൽ ഒരു അച്ഛനും അമ്മയും കുഞ്ഞും പുതുതായി താമസിക്കാൻ വന്നു. അവരുടെ വരവ് ആ പ്രദേശത്തെ തന്നെ മാറ്റിമറച്ചു. ഗ്രാമം മുഴുവൻ ബന്തോഷം പൂവണിഞ്ഞു. ഇതിനെല്ലാം കാരണം ആ കുഞ്ഞിൻ്റെ ഐശ്വര്യമാണ് എന്ന് നാട്ടുകാർ പറഞ്ഞു. അവളുടെ പേര് ശിവാനി എന്നാണ്. അവൾ വളർന്ന് വലുതായി കൗമാരപ്രായത്തിൽ എത്തിയിരിക്കുകയാണ്. അവളുടെ അമ്മ ഒരു ടൈയിലർ ആണ്, സുമതി. അവളുടെ അച്ഛൻ - വർക്ക്ഷപ്പിൽ ജോലി ചെയ്യുന്നു, രാജീവൻ. അവളുടെ അച്ഛനും അമ്മയും ശിവാനിയെ ഓർത്ത് വളരെ സന്തോഷത്തിലാണ് എന്നാൽ, ഗ്രാമത്തിൽ നിന്നും സ്ക്രൂൾ വളരെ അകലെയായതിനാലും അവർ ദരിദ്രർ ആയതിനാല്ലും അവൾക്ക് സ്ക്രൂളിൽ പോകാൻ പറ്റിയികരുന്നില്ല. ഒരു ദിവസം, അമ്മ, ശീവാനിയോട് പറഞ്ഞു കലണ്ടറിൽ ഒരു നമ്പർ എഴുതി വച്ചിട്ടുണ്ട് ആ നമ്പറിൽ വിളിച്ച് അടിച്ച് എപ്പഴാ തരേണ്ടത് എന്ന് ചോദിക്കു. ശിവാനി അപ്പോൾ തന്നെ. ഫോണും എടുത്ത് ചുമരിൽ തൂക്കിവച്ചിരിക്കുന്ന കലണ്ടറിനടുത്തേക്ക് പോയി. എന്നിട്ട് കലണ്ടറിൽ എഴുതിയ നമ്പർ ഫോണിൽ ഡയൽ ചെയ്ത് വിളിച്ചു. അപ്പോൾ ഒരു ആണിൻ്റെ ശബ്ദമാണ് കേട്ടത്. ശിവാനി അത് കട്ട് ചെയ്ത് കലണ്ടറിലേയ്ക്ക് നോക്കി. അപ്പോൾ അവൾ ഡയൽ ചെയ്ത നമ്പറിൽ തെറ്റുണ്ടായി എന്ന് അവൾക്ക് മനസിലായി. ശിവാനി ശരിയായ നമ്പർ ഡയൽ ചെയ്ത് സുമതി പറഞ്ഞ് പോലെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. പിറ്റേ ദിവസം രാവിലെ ഫോണിൽ ഒരു കോൾ വന്നു.ശിവാനി ആ കോൾ ഒരു ആണിൻ്റെ ശബ്ദം കേട്ടു. അവൾ അന്ധാളിച്ചു നിന്നു. കോൾ കട്ടാക്കി. ഈ വിളി ആവർത്തിച്ച് കൊണ്ടിരുന്നു. അവൾക്ക് ഒരു കാര്യം മനസ്സിലായി, ഇന്നലെ നമ്പർ തെറ്റി വിളിച്ചുപോയ ആളാണ് എന്ന് പിന്നീട് വിളിച്ചപ്പോൾ അവൾ കോൾ എടുത്ത് സംസരിച്ചു. അവർ പരസ്പരം പരിചയപ്പെട്ടു. അവർ സുഹൃത്തുക്കൾ ആയി, സൗഹൃദം പിന്നീട് പ്രണയമായി മാറി. കുറച്ച് ദിവസങ്ങൾക്ക് ശേഷം വീണ്ടും ശിവാനിയെ വിളിച്ചപ്പോൾ ഒരു കാര്യം ആവശ്യപ്പെട്ടു. 'എനിക്ക് നിന്നെ ഒന്ന് കാണണം എന്ന് അയാൾ പറഞ്ഞു. ശിവാനി പറഞ്ഞു. 'ആ എന്നാൽ കാണാം അമ്മയുടെ കാലൊച്ചകൾ കേട്ടപെട്ടെന്ന് തന്നെ അവൾ കോൾ കട്ടാക്കി. അമ്മ ആരാണ് ഫോണിൽ എന്ന് ചോദിച്ചപ്പോൾ അവൾ പറഞ്ഞു ഫ്രണ്ടാണെന്ന് പിന്നിട് ഉറങ്ങാൻ കിടന്നപ്പോൾ അവൾ ചിന്തിച്ചു ഞാൻ എങ്ങനെ ഇവിടെ നിന്ന് പോകും,എന്നൊക്കെ.അപ്പോഴാണ് ശിവാനിക്ക് ഒരു കാര്യം ഓർമവന്നത്. അമ്മമ്മയ്ക്ക് സുഖമില്ലാതിരിക്കുകയല്ലേ അത്കൊണ്ട് അച്ഛനും അമ്മയും നാളെയല്ല പട്ടണത്തിൽ പോകുന്നത്. അത്കൊണ്ട് നാളെ തന്നെ പുറപ്പെടാം എന്ന് വിചാരിച്ച് അവൾ ഉറങ്ങി. പിറ്റേന്ന് അതിയായ സന്തോഷത്തോടെ അവൾ എഴുന്നേറ്റു. ശിവാനിയുടെ അമ്മയും അച്ഛനും അവരുടെ ജോലിയൊക്കെ കഴിഞ്ഞ് രാവിലെ തന്നെ പോയിരുന്നു. ശിവാനി അവളുടെ വസ്ത്രങ്ങൾ ഒക്കെ പാക്ക് ചെയ്ത് പുറപ്പെട്ടു. ശിവാനിയുടെ കൂട്ടുകാരി ലക്ഷ്മിയും കുടെയുണ്ടായിരുന്നു. ശിവാനിയെ യാത്രയയ്ക്കാൻ. അവർ നടന്ന് നടന്ന് ബസ്സ്സ്റ്റാൻ്റിൽ എത്തി. അവിടന്ന് ബസിൽ കയറിയപ്പെൾഅവളുടെഉള്ളിൻ്റെ ഉള്ളിൽ ഭയം പൊട്ടിമുളക്കാൻ തുടങ്ങി അവൾ

മനസ്സില്ലാമനസോട കൂട്ടുകാരിയോട് യാത്ര പറഞ്ഞു. പട്ടണത്തിലെത്തിയപ്പോൾ അവൾ ചുറ്റു പാടും നോക്കി. ശിവാനിയെ   അയാൾ വിളിച്ചു.എന്നിട്ട്  ശിവാനിയോട് ചോദിച്ചു.'നീ എവിടെയാണ് ഇനിയും എത്താറായില്ലേ' എന്ന്. "ഞാൻ ഇവിടെ എത്തി നീ എവിടെയാണ്"എന്ന് ശിവാനിയും ചോദിച്ചു.കുറച്ച് സമയങ്ങൾക്ക് ശേഷം അവർ കണ്ടുമുട്ടി.അവർ പരസ്പരം കെട്ടിപ്പിടിച്ചു.അപ്പോഴും ശിവാനിക്ക് ഭയം കൂടിക്കൊണ്ടേയിരുന്നു.അപ്പോഴാണ് അവൾ ഒ◌ാർത്തത് എൻെ്റ അച്ഛനമ്മമാർ എനിക്കൊരു കല്ല്യാണക്കാര്യം കൊണ്ടുവന്നിട്ടുണ്ടല്ലോ എന്ന് .അവൾ പെട്ടെന്ന് പറഞ്ഞു 'എനിക്കെൻെ്റ വീട്ടിൽ  പോകണം. അച്ഛനമ്മമാരെരേ എനിക്ക് പറ്റിക്കാൻ കഴിയില്ല 'എന്ന്.

 പ്പോൾ അയാൾ എന്തോക്കെയോ പറഞ്ഞ് തിരികെ പോകുന്നതി.ൽ നിന്ന് പിൻതിരിപ്പിച്ചു. ഇതെല്ലാം കുറച്ച് ദൂരേ നിന്ന് സതീഷ് എന്ന ആൾ കാണുന്നുണ്ടായിരുന്നു .അയാൾ അയാളുടെ സ്നേഹിതയുമായി സംസാരിച്ചുനിൽക്കുകയായിരുന്നു. ഇയാളെ കുറച്ച് നേരമായി സതീഷ് ശ്രദ്ദിക്കുന്നുണ്ടായിരുന്നു..ശിവാനിയെ കണ്ടപ്പോൾ അയാൾ ഫോൺ കട്ട്  ചെയ്ത്  ഇവരുടെ സംഭാക്ഷണങ്ങളെല്ലാം കേൾക്കുകയായിരുന്നു.പെട്ടെന്ന്  ആരോ ശിവാനിയുടെ  ശരീരത്ത് വെള്ളമൊഴിച്ചു.. വസ്ത്രം ആകെ വൃത്തികേടായി.അയാൾ പറഞ്ഞു.'വാ നമുക്ക് പോയി വസ്ത്രം മാറാം .ശിവാനിയും അയാളും ഹോട്ടലിൽ പോയി റൂമെടുത്തു.റൂമിൻെ്റ മുമ്പിൽ ഒരു സ്ത്രീ നിൽപ്പുണ്ടായിരുന്നു .അയാൾ ആ സ്ത്രീയെ ശിവാനിക്ക് പരിചയപ്പെടുത്തി..അത് അയാളുടെ ആൻ്റിയാണെന്ന് പറഞ്ഞു..ശിവാനി  വസ്ത്രം മാറാൻ റൂമിലേക്ക് പോയി.

അപ്പോൾ അയാൾ ആ  സ്ത്രീയോട് പറഞ്ഞു ഇതുവരെ ഞങ്ങൾ വിചാരിച്ച കാര്യങ്ങൾ  നടന്നു. ഇനി എത്രയും പെട്ടെന്ന് ഇവളെ  നാട് കടത്തണം..ഈ സംസാരമെല്ലാം ശിവാനിയും സതീഷും കേൾക്കുന്നുണ്ടായിരുന്നു..ശിവാനി കൂട്ടുകാരിയെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു.ശിവാനി താൻ അകപ്പെട്ട അപകടത്തെ ഒ◌ാർത്ത് കരഞ്ഞു.അവൾ ഇറങ്ങി ഒ◌ാടാൻ ശ്രമിച്ചു. സതീഷ് ഒ◌ാടിവന്ന് ശിവാനിയെ രക്ഷപ്പെടുത്തി..അയാളും സ്ത്രീയും ഒ◌ാടി രക്ഷപ്പെട്ടു..

ശിവാനിയുടെ പേടി അപ്പോഴും പോയിട്ടുണ്ടായിരുന്നില്ല..സതീഷിൻെ്റ  സ്നേഹിത ഫോൺ വഴി ശിവാനിയെ സമാധാനപ്പെടുത്തി..ഇനി ഇതുപോലെ അപകടത്തിൽ ചെന്ന് ചാടരുതെന്ന് സതീഷ് അവളെ ഉപദേശിച്ചു.സതീഷ് അവളുടെ അച്ഛനമ്മമാരെ വിളിച്ച് കാര്യങ്ങൾ പറഞ്ഞു.ഇനി അങ്ങനെ ചെയ്യില്ല എന്ന് പറഞ്ഞ് അവളെ വീട്ടിൽ കൊണ്ട് വിട്ടു..

ഈ കഥയിൽ നിന്നും സമൂഹത്തിന് കിട്ടുന്ന ഗുണപാഠം ആരെയും  അമിതമായി വിശ്വസിക്കരുത്..

നവം . in

navam . in








**ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ എടയന്നൂർ**

